# മരണം അവസാനമല്ല

*2010 മെയ് 22 വിമാനാപകടത്തിൽ മരിച്ച തന്റെ ഭാര്യയെയും കുഞ്ഞുങ്ങളെയും കർത്തൃസന്നിധിയിലേക്ക് വിശ്വസപൂർവ്വം പറഞ്ഞയച്ച ഷിബു തന്റെ ജീവിതത്തിലെ അനുഭവം ജീവജ്വാലയുമായി പങ്കുവയ്ക്കുന്നു.*

**മു**പ്പത്തഞ്ചുകാരനായ ഷിബു, ദുബായ് ജബൽഅലിയിൽ അഡ്മിനിസ്ട്രേറ്റർ, ഭാര്യയെയും മക്കളെയും ദുബായ് എയർപോർട്ടിൽ നിന്ന് യാത്രയാക്കിയശേഷം സമ്മിശ്രവികാരങ്ങളോടെയാണ് രാത്രി ഒന്നേമുക്കാലിന് ഉറങ്ങാൻ പോയത്. നേരം വൈകിയെങ്കിലും ഷിബുവിന് ഉറങ്ങാനായില്ല. കഴിഞ്ഞുപോയ ദിനങ്ങൾ അയവിറക്കാൻ മാത്രമുണ്ട്. ഏതാനും ആഴ്ചകൾ മാത്രം... അവ മിനിട്ടുകൾപോലെ കഴിഞ്ഞുപോയി. ജീവിതത്തിൽ ഇന്നുവരെ നൽകാൻ കഴിയാത്ത സ്നേഹവും ശ്രദ്ധയും കരുതലും പരിഗണനയും സൗകര്യങ്ങളും കുടുംബത്തിന് നൽകാൻ കഴിഞ്ഞതിന്റെ സംതൃപ്തി. മൂന്നരവർഷമായി അറബിനാട്ടിൽ പണിയെടുക്കുന്ന തനിക്ക്, ഭാര്യയെയും മക്കളെയും ഇവിടെയൊക്കെ ഒന്നു കൊണ്ടുവരണം; കാണാത്ത ദേശത്തെ കാണേണ്ട കാഴ്ചകൾ കാട്ടിക്കൊടുക്കണം എന്നൊക്കെ യുള്ള ആഗ്രഹങ്ങൾ സഫലമായ നാളുകളാണ് കടന്നുപോയത്. ഒരിക്കലും മറക്കാൻ കഴിയാത്ത, എന്നെന്നും ഓർമ്മിക്കാവുന്ന ഒരുപിടി നല്ല മുഹൂർത്തങ്ങൾ നൽകിക്കൊണ്ടാണ് അവർ നാട്ടിലേക്ക് യാത്ര തിരിക്കുന്നത്. പുലർച്ചയ്ക്ക് അവർ നാട്ടിലെത്തും. എത്തിയാലുടൻ വിളിക്കും... അതിനിടയിൽ ഒന്നു മയങ്ങിയതേയുള്ളൂ...

അവരെ കൂട്ടികൊണ്ടുപോകാൻ എയർപോർട്ടിലെത്തിയ നാട്ടിലെ സ്നേഹിതൻ മാത്യുവിന്റെ ഫോൺ ലഭിച്ചു. ഉറക്കച്ചടവിൽ കേട്ടത് ഇങ്ങനെ: "ഷിബു, ഇവിടെ ആകെ പ്രശ്നമാണ്. ഫ്ളൈറ്റ് കത്തിക്കൊണ്ടിരിക്കുകയാണ്. യാത്രക്കാരെ എല്ലാവരും തിരയുകയാണ്.

സമയം: 5:15. ചില സ്നേഹിതരെ വിളിച്ചു. ടിവിയിലും ഇൻർനെറ്റിലും പരതിയെങ്കിലും വിവരമൊന്നുമില്ല. ആറേകാൽ മണി ആയതോടെ ടിവിയിൽ ഫ്ളാഷ് ന്യൂസ് വരാൻ തുടങ്ങി. തുടർന്ന് ചിത്രങ്ങളോടുകൂടി വാർത്തകൾ സജീവമായി.

വാർത്ത സ്ഥിരീകരിക്കപ്പെട്ട നിമിഷം!!!... തലേന്ന് നാട്ടിലുള്ള, സുഹൃത്തായ, ഒരു കൊച്ചച്ചനോട് യാത്ര പുറപ്പെടുന്ന ഭാര്യയ്ക്കും

